# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 902 03.12.2014-ൽ മറുപടിയ്ക്ക്**

**നബാർഡിന്റെ RIDF XVII-ൽ ഉൾപ്പെട്ട പ്രോജക്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.രാജേഷ്: | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ RIDF XVII-ൽ ഉൾപ്പെടുത്തിയ ജലവിഭവ വകുപ്പു മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇനിയും ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രോജക്ടുകൾ പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ ഓരോ പ്രോജക്ടിനും എത്ര രൂപ വീതമാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശം നൽകുമോ; | (എ) & (ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ താഴെ പറയുന്ന പദ്ധതികൾക്കാണ് നബാർഡിന്റെ RIDF XVII- സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത്. |
| (ബി) പ്രസ്തുത പ്രോജക്ടുകൾക്കെല്ലാം ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ ? | |

| | | |
|---|---|---|
| 1. | കണ്ണപുരം പഞ്ചായത്തിലെ കയറ്റിയിൽ മുക്കോലയിൽ എസ്.ഡബ്ല്യൂ.ഇ.സി. ബിയും മണ്ണ് കൊണ്ടുള്ള ബണ്ടും നിർമ്മാണം | - 37 ലക്ഷം രൂപ |
| 2. | ചെറുകുന്ന് പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രിക്കു സമീപം റി.സർവ്വേ നമ്പർ 122-ൽ എസ്.ഡബ്ല്യൂ. ഇ.സി.ബി നിർമ്മാണം | - 47 ലക്ഷം രൂപ |
| 3. | കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിന് കുറുകെ എസ്.ഡബ്ല്യൂ.ഇ.സി. ബി നിർമ്മാണം | - 40 ലക്ഷം രൂപ |
| 4. | ചെറുകുന്ന് പഞ്ചായത്തിൽ മുട്ടിൽ കാപ്പ് റഗുലേറ്ററിന്റെ പുനഃരുദ്ധാരണം | - 94.60 ലക്ഷം രൂപ |

ഇതിൽ 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ഏറ്റെടുക്കാൻ ആരും മുന്നോട്ട് വന്നില്ല, ക്രമ നമ്പർ 4-ലെ പ്രവൃത്തി ടെണ്ടർ ചെയ്യുവാനും വകുപ്പിന് സാധിച്ചില്ല. ഇതേ സമയം പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് 2012 ഒക്ടോബർ മാസം നിലവിൽ വരുകയും ചെയ്തു. ആയതിനാൽ 4 പ്രവൃത്തികളും പുതുക്കിയ ഭരണാനുമതിയ്ക്കായി പരിഗണിച്ചെങ്കിലും നബാർഡിൽ നിന്നും പ്രസ്തുത പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ആർ.ഐ.ഡി.എഫ്-XIX-ൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.ഇതിൽ മൂന്നാമത്തെ പ്രവൃത്തിക്ക് NABARD RIDF XIX-ൽ ഉൾപ്പെടുത്തി 40ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി നബാർഡിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് RIDF XIX-ൽ അനുമതി ലഭിച്ചില്ല. ആയതിനാൽ RIDF XX-ൽ ഉൾപ്പെടുത്തി നബാർഡിലേക്ക് അയക്കുകയും നബാർഡിൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 4-ാമത്തെ പ്രവൃത്തി നബാർഡിലേക്ക് സമർപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

Bindu

**സെക്ഷൻ ഓഫീസർ**